1-4-1986 മുതൽ പിൻവലിച്ചിട്ടുണ്ട്. ഇതുമൂലം 1985-86-ൽ പ്രത്യേക അനുവാദത്തിൻമേൽ പ്രവർത്തിക്കുന്ന ഒരു ഷാപ്പും നിർത്തലാക്കേണ്ടിവരികയില്ല.

(ഡി) ഏതാനും ഭേദഗതികൾ ഇതിനകം വരുത്തിയിട്ടുണ്ട്. സമഗ്രമായ ഭേദഗതികൾ വരുത്തുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി മരാമത്തുപണികൾക്ക് ലഭിച്ച തുക

* 37. [40] ശ്രീ. കെ. പി. എ. മജീദ് :
,, പി. എം. അബൂബേക്കർ :
,, മണിമംഗലത്ത് കുട്ട്യാലി :
,, തോപ്പിൽ രവി :
,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക കെടുതികൾമൂലം കേടുപാടു സംഭവിച്ച റോഡുകളുടെ മരാമത്ത് പണികൾക്കായി കേന്ദ്രം അനുവദിച്ച തുകയെത്ര ;

(ബി) ഈ തുക വിനിയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായോ ;

(സി) ഇതിനായി 28-2-1986 വരെ ചെലവായ സംഖ്യ എത്ര ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പണികൾ പൂർത്തിയാക്കുമോ ;

(ഇ) പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ലഭിച്ച സംഖ്യയിൽ നിന്നും എത്ര തുക റോഡുകളുടെ നിർമ്മാണത്തിനും റിപ്പയറിനുമായി ചെലവഴിച്ചു ;

(എഫ്) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ജി) ആകെ അനുവദിച്ച തുകയിൽ ഇനി ബാക്കി തുകയെത്ര ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) 35.92 കോടി രൂപ.

(ബി) നടത്തുകയുണ്ടായി.

(സി) 2,66,12,068 രൂപ.

(ഡി) പണികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഇ) 12,70,79,081 രൂപ.

(എഫ്) വ്യക്തമാക്കാം. കണക്കുകൾ താഴെ പറയും പ്രകാരമാണ് :—

ജില്ല	ചെലവാക്കിയ തുക (രൂപ)
തിരുവനന്തപുരം	91,71,147
കൊല്ലം	47,27,535
പത്തനംതിട്ട	61,14,721
ആലപ്പുഴ	93,11,145
കോട്ടയം	1,16,37,686

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ചിലവാക്കിയ തുക
	രൂപ
ഇടുക്കി	76,23,383
എറണാകുളം	131,74,102
തൃശ്ശൂർ	108,85,603
പാലക്കാട്	130,40,712
മലപ്പുറം	206,04,272
കോഴിക്കോട്	60,95,791
വയനാട്	43,69,485
കണ്ണൂർ	57,97,683
കാസർകോട്	45,25,816
	12,70,79,081

(ജി) 23,21,20,919 രൂപ.

പുതിയ മദ്യഷാപ്പുകൾ

* 38 [41] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ഇ. ഇസ്മയിൽ :
,, കാനം രാജേന്ദ്രൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളുടേയും ദേവാലയങ്ങളുടെയും മറ്റും 400 മീറ്ററിനുള്ളിൽ മദ്യഷാപ്പുകൾ അനുവദിക്കരുതെന്ന നിയമം കൊണ്ടുവന്നത് ഏതു വർഷത്തിലാണ് ;

(ബി) അതിനുശേഷം പുതിയ മദ്യഷാപ്പുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദേശമദ്യം, ചാരായം, കള്ള് എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം ;

(സി) ദൂരപരിധി കർശ്ശനമാക്കുമ്പോൾ പരിധിക്കു പുറത്തു നടന്നു വന്നിരുന്ന മദ്യഷാപ്പുകൾ പിന്നീട് പുതിയ വിദ്യാലയങ്ങളും ദേവാലയങ്ങളും സ്ഥാപിക്കപ്പെട്ടതിന്റെ ഫലമായി പരിധിക്കുള്ളിലായിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ദേവാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 400 മീറ്ററിനുള്ളിൽ മദ്യഷാപ്പുകൾ അനുവദിക്കുകയില്ലെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കള്ളുഷാപ്പുകൾ ലേലത്തിൽ പോകാതിരുന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം, എത്ര ഷാപ്പുകൾ വീതം ?

എക്സൈസ് വകുപ്പുമന്ത്രി : (ശ്രീ. എൻ. ശ്രീനിവാസൻ)

(എ) 1974-ൽ.

LIBRARY ARCHIVES Kerala Legislative Assembly